'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ പി. പി മോഹനനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

G.O.(Rt)No.2381/2019/LSGD തീയതി,തിരുവനന്തപുരം, 26/10/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 08.02.2015 തീയതിയിലെ ഇ7(എസ്.സി.03/14/ഇകെഎം) 40151/2013 നമ്പർ കത്ത്

2 29.03.2016 തീയതിയിലെ ഇയു2-42/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 ശ്രീ.പി.പി മോഹനൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 401/19 നമ്പർ ഹർജിയിലെ 26.02.2019 -തീയതിയിലെ ഉത്തരവ്

4 നഗരകാര്യ ഡയറക്ടറുടെ 19.05.2019 തീയതിയിലെ

വി3-9579/2016 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി നഗരസഭയിൽ കണ്ടിജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതും അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് സർവ്വീസിൽ നിന്നും പിരിച്ചു വിടുകയും ചെയ്യപ്പെട്ടിട്ടുള്ള ശ്രീ ലോനൻ ജോസഫ് എന്നയാൾ ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് അകാരണമായി കൊച്ചി നഗരസഭയിൽ കാലതാമസമുണ്ടായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റി ആന്റി കറപ് ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് കൊച്ചി നഗരസഭയിൽ 03.02.2014-ൽ നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീ ലോനൻ ജോസഫിന്റെ പുനർ നിയമനവുമായി ബന്ധപ്പെട്ട ഫയലിൽ ഒരു വർഷവും ഏഴ് മാസവും കാലതാമസമുണ്ടായി എന്ന് കണ്ടെത്തിയിരുന്നു. വിജിലൻസ് വിഭാഗത്തിന്റെ

പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പരാമർശം 2 പ്രകാരം, ടി വിഷയം കൈകാര്യം ചെയ്തിരുന്ന സെക്ഷൻ സൂപ്രണ്ട് ആയിരുന്ന ശ്രീ പി. പി മോഹനന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോ/പത്രികക്ക് ശ്രീ പി.പി മോഹനൻ സമർപ്പിച്ച മറുപടിയിൽ ശ്രീ ലോനൻ ജോസഫിന് പുനർനിയമനം ലഭിക്കുന്നതിനായി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 34123/11 നമ്പർ കേസിന്റെ വിധിന്യായത്തിൽ ശ്രീ ലോനൻ ജോസഫിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത നടപടി പൂർണ്ണമായി ശരിവച്ചിരുന്നതും, നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരെ നിയോഗിച്ച് വരുന്നതിനാൽ ശ്രീ ലോനൻ ജോസഫിനോട് നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകുന്നതിന് നിർദ്ദേശിച്ചിരുന്നതും ടിയാന്റെ അപേക്ഷ ലഭിച്ച് രണ്ട് മാസത്തിനകം ഉചിതമായ തീരുമാനം എടുക്കുന്നതിന് നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുള്ളതുമാണെന്ന് പറഞ്ഞിരിക്കുന്നു. പുനർനിയമനം ലഭിക്കുന്നതിന് ശ്രീ ലോനൻ ജോസഫ് 07.11.2012-ലാണ് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും സെക്ഷൻ ക്ലാർക്ക് 30.11.2012-ൽ ടി ഫയൽ സമർപ്പിച്ചിരുന്നതായും കോടതി വിധിയുടെ നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിച്ച് വിശദമായ റിപ്പോർട്ട് എഴുതി 30.11.2012-ൽ തന്നെ ഫയൽ ഹെൽത്ത് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതായും ശ്രീ പി.പി മോഹനൻ മറുപടി സമർപ്പിച്ചിരുന്നു. എന്നാൽ 29.01.2013-ൽ സെക്ഷനിൽ നിന്നും പ്രസ്തുത ഫയൽ ശ്രീ പി.പി മോഹനന് ലഭിക്കുകയും അതേ ദിവസം തന്നെ ഹെൽത്ത് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നതായും ടിയാൻ മറുപടി സമർപ്പിച്ചിരിക്കുന്നു. 19.06.2013-ന് ശ്രീ പി.പി മോഹനനെ ഹെൽത്ത് വിഭാഗത്തിൽ നിന്നും റവന്യൂ വിഭാഗത്തിലേക്ക് മാറ്റി നിയമിക്കുകയും ഹെൽത്ത് വിഭാഗത്തിൽ നിന്നും മാറിപ്പോയതിനുശേഷവും പ്രസ്തുത വിഷയം സെക്ഷൻ ക്ലാർക്കിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിരുന്നുവെന്നും മേലുദ്യോഗസ്ഥർ തീരുമാനമെടുക്കുവാൻ വൈകിയതു മൂലമാണ് ഫയലിൽ കാലതാമസം നേരിട്ടതെന്നും ശ്രീ പി.പി മോഹനൻ മറുപടി സമർപ്പിച്ചിരിക്കുന്നു. കൊച്ചി നഗരസഭയിൽ ശ്രീ പി.പി മോഹനൻ ഹെൽത്ത് വിഭാഗത്തിൽ 3 വർഷം സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്നുവെന്നും ശ്രീ ലോനൻ ജോസഫിൽ നിന്നും കൈക്കൂലി ആവശ്യപ്പെട്ടു എന്നുള്ള ടിയാന്റെ പരാതി സത്യവിരുദ്ധമാണെന്നും ശ്രീ പി.പി മോഹനന്റെ 2 8 വർഷത്തെ സർവ്വീസിനിടയിൽ ആരിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുകയോ വാങ്ങുകയോ ചെയ്തിട്ടില്ലായെന്നും ആയതിനാൽ മെമ്മോയിൽ ആരോപിക്കുന്നത് പ്രകാരം ടിയാന്റെ ഭാഗത്തുനിന്നും മനപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ശ്രീ പി.പി മോഹനന്റെ മറുപടിയിൽ അപേക്ഷിച്ചിരുന്നു.

3. പ്രസ്തുത വിഷയം സംബന്ധിച്ച വിജിലൻസ് റിപ്പോർട്ടിന്റേയും മെമ്മോയുടേയും, മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച മറുപടിയുടേയും അടിസ്ഥാനത്തിലും ബന്ധപ്പെട്ട നഗരസഭ ഫയൽ പരിശോധിച്ചും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീ ലോനൻ ജോസഫിന്റെ പുനർനിയമനവുമായി ബന്ധപ്പെട്ട കൊച്ചി നഗരസഭയിലെ ഹെൽത്ത് സെക്ഷനിലെ എം.ഒ.എച്ച് 024699/01

നമ്പർ ഫയൽ പരിശോധിച്ചതിൽ ടിയാൻ നൽകിയ WP(C) 34123/11 നമ്പർ കേസിന്റെ 07.02.2012-ലെ വിധിന്യായത്തിൽ നഗരസഭ സെക്രട്ടറിക്ക് പുതിയ ഒരു അപേക്ഷ നൽകുവാനായി നിർദ്ദേശിച്ചതിൻ പ്രകാരം ശ്രീ ലോനൻ ജോസഫ് 07.11..2012-ന് നഗരസഭയിൽ നൽകിയ അപേക്ഷ സൂപ്രണ്ടായിരുന്ന ശ്രീ പി.പി മോഹനൻ 29.01.2013-ൽ മേലധികാരിക്ക് സമർപ്പിച്ചിട്ടുള്ളത് വ്യക്തമാണെന്നും ആയത് 01.02.2013-ൽ ഹെൽത്ത് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത ഫയലിൽ നഗരസഭ സെക്രട്ടറി, സൂപ്രണ്ടിനോട് സംസാരിക്കുവാനും തുടർനടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നത് 10/1, 27/1 എന്നീ തീയതികളിലായിട്ടാണ്. എന്നാൽ വർഷം രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. സൂപ്രണ്ട് ശ്രീ പി.പി. മോഹനൻ 29.01.2013 എന്ന തീയതിയും ഹെൽത്ത് ഓഫീസർ 01.02.2013 എന്ന തീയതിയും രേഖപ്പെടുത്തിയതിൽ നിന്ന് പ്രസ്തുത ഫയൽ കോർപ്പറേഷൻ സെക്രട്ടറിയുടെ മുന്നിൽ എത്തിയിരിക്കുന്നത് 01.02.2013 ന് ശേഷമാണെന്ന് വ്യക്തവുമാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

4 . കൊച്ചി കോർപ്പറേഷനിൽ സെക്രട്ടറിയുടെ മുന്നിൽ എത്തുന്ന ഫയലുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഫയൽ കോർപ്പറേഷൻ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളത് 20.01.2014-ൽ ആണ്. ശ്രീ പി.പി മോഹനൻ സമർപ്പിച്ചിട്ടുള്ള മറുപടിയിൽ സെക്ഷൻ ക്ലാർക്ക് സമർപ്പിച്ച പ്രസ്തുത ഫയൽ 29.01.2013-ന് തന്നെ ഹെൽത്ത് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന വാദം വസ്തുതാപരമാണ്. എന്നാൽ പിന്നീട് ഫയലിൽ മേൽ നടപടി സ്വീകരിക്കുന്നതിൽ സെക്ഷനിൽ നിന്നും വീഴ്ചയുണ്ടായി എന്നത് നിസ്തർക്കവുമാണ്.സൂപ്രണ്ട് ശ്രീ പി.പി.മോഹനനെ 18.06.2013-ൽ റവന്യൂ സെക്ഷനിലേക്ക് മാറ്റി നിയമിക്കുകയും 19.06.2013-ൽ ടിയാൻ റവന്യൂ സെക്ഷനിൽ ചാർജ്ജ് എടുക്കുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ 29.01.2013-ന് ശേഷം ഏകദേശം 5 മാസം ടി ഫയലിൽ മേൽ തുടർനടപടി സ്വീകരിക്കാതിരുന്നതിന് ടിയാന്റെ പ്രതിവാദ പത്രിക പ്രകാരം ടിയാൻ ഹെൽത്ത് സെക്ഷനിൽ ടി കേസിനെക്കുറിച്ച് ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നതും,റവന്യൂ സെക്ഷനിൽ മാറ്റി നിയമനം ലഭിച്ചിട്ടും പലപ്രാവശ്യം സെക്ഷൻ ക്ലാർക്കിന്റെ ശ്രദ്ധയിൽപ്പെടുത്തി എന്നവാദവും വസ്തുതാപരമല്ലെന്നു കാണുന്നതായി കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

5 . നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിൽ നിന്നും 31.07.2017-ൽ പി.എ.ടു സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ പി.പി മോഹനനെതിരെ അച്ചടക്ക നടപടി തുടരുന്നതിനാൽ ടിയാന് പ്രൊവിഷണൽ പെൻഷൻ മാത്രമാണ് അനുവദിച്ചു നൽകിയിരുന്നത്. ആയതിനാൽ ടിയാന്റെ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമായി ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 401/19 നമ്പർ ഹർജിയിൽമേൽ 26.02.2019-ൽ

പുറപ്പെടുവിച്ച ഉത്തരവിൽ ടിയാന് എതിരെയുള്ള അച്ചടക്ക നടപടികൾ മൂന്ന് മാസത്തിനകം തീർപ്പാക്കുന്നതിനും തുടർന്ന് ഒരു മാസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.

6 . ശ്രീ ലോനൻ ജോസഫിന്റെ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നഗരസഭ ഫയലിൽ സൂപ്രണ്ട് ശ്രീ പി.പി മോഹനൻ 29.01.13-ന് ഫയൽ ഹെൽത്ത് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ് എന്നും 18.06.2013-ൽ ഹെൽത്ത് വിഭാഗത്തിൽ നിന്നും റവന്യൂ വിഭാഗത്തിലേക്ക് ടിയാൻ മാറിയിട്ടുള്ളതുമാണ് എന്നും ആയതിനാൽ ടിയാന്റെ ഭാഗത്തു നിന്നും മന:പൂർവ്വമായ വീഴ്ചവരുത്തിയതായി കണക്കാക്കുവാൻ സാധിക്കുകയില്ലെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ശ്രീ ലോനൻ ജോസഫിന്റെ പുനർനിയമനത്തിനുള്ള അപേക്ഷ 10.02.2014-ലെ 30-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നിരാകരിച്ച് ഉത്തരവായിട്ടുള്ളതാണെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. കൊച്ചി നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ പി.പി മോഹനൻ 30.06.2017-ൽ കൊച്ചി നഗരസഭയിൽ പി.എ ടു സെക്രട്ടറി തസ്തികയിൽ സർവ്വീസിൽ നിന്നും വിരമിച്ചത് കണക്കിലെടുത്തും തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

7 . വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിൽ ശ്രീ പി.പി മോഹനൻ സമർപ്പിച്ച മറുപടി, കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടരുടെ റിപ്പോർട്ട് എന്നിവ പ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ ആരോപണവിഷയത്തിൽ സൂപ്രണ്ട് ശ്രീ പി.പി മോഹനന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചകളൊന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ടിയാൾ 30.06.2017-ൽ കൊച്ചി നഗരസഭയിൽ പി.എ ടു സെക്രട്ടറി തസ്തികയിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും പെൻഷൻ ആനുകൂല്യങ്ങൾ 2 വർഷമായി ലഭ്യമായിട്ടില്ലാത്തതുമാണ്.

8 . കൂടാതെ ശ്രീ.പി.പി മോഹനൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 401/19 നമ്പർ ഹർജിയിൽമേൽ 26.02.2019-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാന് എതിരെയുള്ള അച്ചടക്ക നടപടികൾ മൂന്ന് മാസത്തിനകം തീർപ്പാക്കുന്നതിനും തുടർന്ന് ഒരു മാസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു.

9. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിൽ സെക്ഷൻ സൂപ്രണ്ട് ആയിരുന്ന ശ്രീ പി. പി മോഹനനെതിരായി ആരംഭിച്ച അച്ചടക്കനടപടി തുടർനടപടികൾ ഒഴിവാക്കി തീർപ്പാക്കി ഉത്തരവാകുന്നു.

10. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന 3 ഉത്തരവ് മേൽ

പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REMANI MATHEW
ADDITIONAL SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം(ആമുഖ കത്ത് സഹിതം)

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ പി. പി മോഹനൻ, സൂപ്രണ്ട്, കൊച്ചി നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ